
# വൈഖരി

## സി.വി.കെ.എം.എച്ച്.എസ്.എസ്
## കിഴക്കേകല്ലട




**DIGITAL MAGAZINE**

**2018-19**

# സി.വി.കെ.എം.എച്ച്.എസ്.എസ്
# കിഴക്കേകല്ലട

# FOUNDER MANAGER



## Sri.K.DAYANANDAN

Sri.K.DAYANANDAN

# Our school

## C V K M H S S






# ചരിത്രം

കവി, വിമർശകൻ,കേരളകൗമുദി സ്ഥാപകൻ എന്നീ നിലകളിൽ പ്രശസ്തനായ സി.വി.കുഞ്ഞുരാമൻ കൊല്ലം ജില്ലയിലെ മയ്യനാട്ടിൽ ജനിച്ചു. എൽ.എം.എസ് സ്‌കൂളിലും കൊല്ലം ഗവൺമെന്റ് ഹൈസ്‌കൂളിലും പഠിച്ചു. അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച സി.വി. പിന്നീട് വക്കീൽ വൃത്തിയിലേക്കു മാറി. മലയാള വർഷം 1103 ൽ എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. സാമൂഹ്യ അനാചാരങ്ങൾക്കെതിരെ തൂലിക പടവാളാക്കി പൊരുതി. കേരള കൗമുദി ആദ്യം മയ്യനാട്ടു നിന്നും പിന്നീട് തിരുവനന്തപുരത്തു നിന്നും ആരംഭിച്ചു. 1949 ൽ അദ്ദേഹം അന്തരിച്ചു.തിരണ്ടുകുളി, പുളികുടി, താലികെട്ട് തുടങ്ങിയ ജാതീയ സമ്പ്രദായങ്ങൾക്കെതിരെ കവിതകളും കഥകളുമെഴുതി.മലയാളരാജ്യം പത്രത്തിന്റെ പത്രാധിപരായും പ്രവർത്തിച്ചു.

അദ്ദേഹത്തിന്റെ നാമധേയത്തിൽ നിലകൊള്ളുന്ന ഈ വിദ്യാലയം സ്ഥാപിതമായത് 1926 മെയ് മാസത്തിൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്‌കൂൾ എന്ന നിലയിലാണ് . ശ്രീ റ്റി ജി കുഞ്ഞുപിള്ള ഈ വിദ്യാലയം സ്ഥാപിച്ചു. 1949-ൽ ഹൈസ്‌കൂളായി ഉയർത്തപ്പെട്ടു. ഹൈസ്‌കൂളിന്റെ ആദ്യ പ്രധാന അദ്ധ്യാപകനും മാനേജരും ആയിരുന്ന ശ്രീ കെ .ദയാനന്ദന്റെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 2000-ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്‌കൂളിന് 8 കെട്ടിടങ്ങളിലായി 20 ക്ലാസ് മുറികളും ഹയർ സെക്കന്ററിക്ക് ഒരു കെട്ടിടത്തിലായി 11 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

# ആമുഖം




**പൊ**തുവിദ്യാഭാസരംഗത്ത് കല്ലടയിലെ അഭിമാനസ്തംഭമായി നിലകൊള്ളുന്ന ഞങ്ങളുടെ സ്ഥാപനം മികവാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്ക് വേദിയായിട്ടുണ്ട്.പാഠ്യപ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ഞങ്ങൾക്ക് സാധിച്ചു എന്ന് പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സജീവമായി സ്ക്കൂളിൽ നടന്നുവരുന്നു.എൻ.സി.സി, സ്കൗട്ട്, എൻ.എസ്.എസ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകളാണ് ഞങ്ങളുടെ സ്ക്രൂളിന്റെ ജീവനാഡി. സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി ഐ.ടി അധിഷ്ഠിതമായ പല പ്രവർത്തനങ്ങളിലും പരിശീലനം നേടിയ കുട്ടികൾ പങ്കെടുക്കുന്നുണ്ട്.സ്ക്രൂളിൽ വിജയകരമായി പ്രവർത്തനം തുടരുന്ന ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ വിജയപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

ജോസ് ജോൺ
(പ്രഥമാധ്യാപകൻ)

## ഉള്ളടക്കം

വിദ്യാലയാങ്കണത്തിലെ ഇമ്മ്ണി ബല്ല്യൊരാൾ..........8
എന്റെ നാട്..........9
ചക്കിപൂച്ച..........10
മലിനീകരണം..........11
എന്റെ കേരളം..........12
ഒന്നാം സ്വാതന്ത്ര്യ ചരിത്രം 1857 മുതൽ 1947 വരെ..........13
22, 1940 നടന്ന വ്യക്തിസത്യാഗ്രഹത്തിൽ ,സത്യാഗ്രഹം അനിഷ്ഠിക്കാൻ ഒന്നാമതായി ഗാന്ധജി നിർദ്ദേശിച്ചത് ആരെ?..........16
വിനോബഭാവെ..........16
23 ക്രിപ്സ്മിഷൻ ഇന്ത്യയിൽ വന്ന ചേർന്ന വർഷം?..........16
1942 മാർച്ച്..........16
24 ക്വിറ്റ് ഇന്ത്യാ പ്രമേയം,ക്രിപ്സ് മിഷന്റെ പരാജയത്തെ തുടർന്ന് കോൺഗ്രസ്സ് പാസാക്കിയത് എന്നാണ്?..........16
എന്റെ അമ്മ..........20
കാട്ടിലെ കാഴ്ചകൾ..........21
എന്റെ മലയാളം..........22
പൊതുവിജ്ഞാനം..........23
ചോദ്യം..........23
ഉത്തരം..........23
കുസൃതി ചോദ്യങ്ങൾ..........24
ഉത്തരങ്ങൾ..........25
പൂമ്പാറ്റ..........25
സുന്ദരിതത്തമ..........26
ഓർമ്മകൾ..........27
പഴഞ്ചൊല്ലുകൾ..........28
മഴ..........29

# വിദ്യാലയാങ്കണത്തിലെ ഇമ്മ്ണി ബല്ല്യോരാൾ



*നാഗലിംഗപൂവ്*

ഉഷ്ണമേഖല മഴക്കാടുകളിൽ കാണപ്പെടുന്ന ഒരിനം വൃക്ഷമാണ് നാഗലിംഗം. (ശാസ്ത്രീയ നാമം : *Couroupita guianensis*). ഇതിന് കൈലാസപതി എന്നും പേരുണ്ട്. പീരങ്കിയുണ്ടകൾ പോലുള്ള കായ്കൾ ഉണ്ടാവുന്നതിനാൽ ഇതിന് ഇംഗ്ലീഷിൽ **Cannon ball Tree** എന്നാണ പേര്. സംസ്കൃതത്തിൽ നാഗപുഷ്പമെന്നും തമിഴിൽ നാഗലിംഗം, ഹിന്ദിയിൽ നാഗലിംഗ, തെലുങ്കിൽ കോടിലിംഗാലു, മറാത്തിയിൽ ശിവലിംഗ എന്നീ പേരുകളിൽ അറിയപ്പെടുന്നു. തെക്ക്-മധ്യ അമേരിക്കകളിലെ മഴക്കാടുകളിലെ തദ്ദേശവാസിയാണ്.



*കായ്കൾ*

# എന്റെ നാട്

എന്റെ നാട് എന്റെ നാട് എന്റെ നാട്
പേഴുംതുരുത്തെന്ന കൊച്ചുനാട്
വെള്ളത്താൽ ചുറ്റപ്പെട്ടകൊച്ചുനാട്
നാടിനെ സ്മരിച്ച് വർണ്ണിക്കുമ്പോൾ
മേലാകെ കോരിതരിച്ചിടുന്നു
അത്രയ്ക്ക് സുന്ദരമെന്റെ നാട്
ഉദയ സൂര്യകിരണങ്ങളേറ്റ്
ഉയർന്നുനിൽക്കുന്ന രണ്ടമ്പലം
ഭദ്രയും ദുർഗ്ഗയും ഗണപതിയും
കൃഷ്ണനും വാഴുന്ന പുണ്യക്ഷേത്രം
രാജരാജേശ്വരി വാണരുളീടുന്ന
തെക്കത്തുകാവിലെ ദേവീക്ഷേത്രം
ഗുരു സ്മരണ ഉയർത്തും ഗുരുമന്ദിരം
ഞ്ജാനം പകരുന്ന വിദ്യാലയം
അറിവിൻ പ്രഭചൊരിയും ഗ്രന്ഥശാല
കുരുന്നുമക്കൾക്കൊരു അംഗൻവാടി
തൊഴിൽ നൽകുന്നൊരു കയർസംഘം
കുഞ്ഞോളങ്ങൾ തഴുകുന്ന കായലോരം
ജലസവാരിയ്ക്കൊരു ബോട്ടുസർവ്വീസ്
ഝുക് ഝുക് ഝുക് തീവണ്ടി
ചീറിപായും തീവണ്ടി
ഒരുമയുള്ള നാട്ടുകാരും
സ്നേഹമുള്ളക്രൂട്ടുകാരും
വർണ്ണിച്ചാലും വർണ്ണിച്ചാലും
മതിവരില്ലെൻ നാടിൻ വർണ്ണഭംഗി

ശ്രീലക്ഷ്മി.5A

# ചക്കിപൂച്ച

എന്റെ വീട്ടിൽ അതിസുന്ദരിയായ ഒരു പൂച്ച വന്നു. അവൾ വീട്ടുമുറ്റത്ത് ഓടിചാടി നടക്കും. വീട്ടിലുള്ളവർ അവളെ ശ്രദ്ധിക്കാൻ തുടങ്ങി. എനിക്കും അനുജനും പൂച്ചയെ നന്നായി ബോധിച്ചു. പക്ഷേ അമ്മയ്ക്ക് പൂച്ചയെ വീട്ടിൽ വളർത്തുന്നതിനോട് യോജിപ്പില്ലായിരുന്നു. അതിനാൽ ഞാനും അനുജനും പൂച്ചയോട് അകലം പാലിച്ചു. പക്ഷേ പൂച്ച വിട്ടു കൊടുത്തില്ല വീട്ടിലുള്ളവരുടെ സ്നേഹം പിടിച്ചുപറ്റാൻ അവൾ പല അടവുകളും പ്രയോഗിച്ചു. അതിനു അവൾ കണ്ടുപിടിച്ച മാർഗ്ഗം എലിയെ പിടിക്കുകയായിരുന്നു അമ്മ പറയും ഈ പൂച്ചവന്നതുമുതൽ ഏതായാലും എലിയുടെ ശല്യമൊന്നുമില്ലെന്ന്. അവൾ അമ്മയുടെ പിറകെ വാലുമാട്ടി അങ്ങനെ നടക്കും. അമ്മ മീൻവെട്ടുമ്പോൾ അവൾ മ്യാവൂ; മ്യാവൂ; എന്ന ശബ്ദമുണ്ടാക്കി അമ്മയുടെ മുന്നിൽ ഇരിയ്ക്കും. അമ്മ ഇടക്കണ്ണിട്ട് അവളെ ഒന്നുനോക്കും. അപ്പോൾ അവൾ അമ്മയെ നോക്കി കണ്ണിറുക്കും. അമ്മ മീനിന്റെ അവശിഷ്ടം കളയാൻ പോകുമ്പോൾ പെട്ടന്ന് അവൾ ചാടിയെണീറ്റ് അമ്മയുടെ പുറകെചെല്ലും. അപ്പോൾ അമ്മ ദേഷ്യത്തോട് "മാറിപോ പൂച്ചെ ഇതിനെ കൊണ്ട് വല്യ കഷ്ടമാണല്ലോ" എന്നും പറയും. എന്നാലും യാതോരു ക്രുസലും ഇല്ലാതെ അവൾ അങ്ങനെ തന്നെ നിൽക്കും. അമ്മയ്ക്ക് പൂച്ചയോട് സ്നേഹം തോന്നണമേ എന്ന് ഞങ്ങൾഈശ്വരനോട് പ്രാർത്ഥിക്കും.

ഒരു ദിവസം ഞാനും അനുജനും അവൾക്ക് മീൻകറി ഒഴിച്ച് ചോറ് കൊടുത്തു. അവൾ വാലാട്ടി അത് മുഴുവനും കഴിച്ചു. എന്നിട്ട് അവൾ ഞങ്ങളുടെ അടുത്ത് സ്നേഹത്തോടെ നിന്നു. ഞങ്ങൾക്ക് വലിയ സന്തോഷമായി. അതുകണ്ടപ്പോൾ അമ്മ പറഞ്ഞു പൂച്ചയെ കിന്നരിച്ച് മാന്തും വാങ്ങി വന്നാൽ ഞാൻ രണ്ടിനേം ശരിയാക്കും. അതുകേട്ടപ്പോൾ അനുജന്റെ മുഖം ഒന്നു വാടി. ഞാൻ അവനെ നോക്കി കണ്ണിറുക്കി സാരമില്ലെന്നു പറഞ്ഞു. എന്നിട്ട് അമ്മയുടെ അടുത്ത് ചെന്ന് കൊഞ്ചികൊണ്ട് നമുക്കീ പൂച്ചയെ വളർത്തിയാലോ എന്നു ചോദിച്ചു. അമ്മ എന്നെ ഗൗരവത്തോടെ ഒന്നു തുറിച്ച് നോക്കി. "അമ്മേ"ഞാനും അനുജനും ഒരേ സ്വരത്തിൽ വിളിച്ചു അമ്മയുടെ മനസ്സലിഞ്ഞു ശരി എന്ന് അമ്മ ചെറുതായൊന്നു മൂളി. പൂച്ചയുടെ ക്രൂടെ കളിക്കുമ്പോൾ എപ്പോഴും ശ്രദ്ധവേണം അമ്മ പറഞ്ഞു. ഞങ്ങളുടെ മനസ്സിൽ സന്തോഷത്തിന്റെ പെരുമഴ പെയ്തു അവൾക്ക് ഞങ്ങൾ 'ചക്കി' എന്നും പേരിട്ടു. ചക്കി എന്നു വിളിക്കുമ്പോൾ അവൾ അങ്ങനെ തല ഉയർത്തിപിടിച്ചു നിൽക്കും അതുകാണുമ്പോൾ എനിക്കും അനുജനും ചിരിവരും. ഞങ്ങൾ രാത്രിയിൽ ആഹാരം കഴിയ്ക്കുമ്പോൾ അവൾ അടുത്ത് സ്ഥാനം ഉറപ്പിക്കും. ഞാനും അനുജനും അവൾക്കോരു വൃതം മാറ്റിവയ്ക്കും അവൾ അത് സന്തോഷത്തോടെ കഴിച്ച് വാലുമാട്ടി നിൽക്കും ഇനി പോയി ഉറങ്ങാൻ അനിയൻ ചക്കിയോട് പറയും പക്ഷേ അവൾ പോവില്ല അമ്മയ്ക്കിപ്പോൾ ചക്കിയെ വലിയ ഇഷ്ടമാണ് അമ്മയുടെയും അച്ചന്റെയും അത്താഴപങ്ക് ലഭിച്ചതിനുശേഷം കോട്ടുവായിട്ട് ശരീരം ഒന്നു നിവൃത്തി ഞങ്ങളോട് നന്ദി അറിയിച്ചതിനുശേഷമേ അവൾ ഉറങ്ങാൻ പോവുകയുള്ളൂ. രാവിലെ ഞങ്ങൾ ഉണരുന്നതിനുമുൻപ് അവൾ ഉണരും. വാതിൽ തുറക്കുമ്പോൾ അവൾ വാതിൽപടിയിൽ കാണും ഞങ്ങൾക്ക് ഒരു 'ഗുഡ്മോർണിംഗ് ' പറയും പോലെ. ഞങ്ങൾ എവിടെയെങ്കിലും പോയാൽ അവൾ ഗേറ്റ് വരെ വരും. ഞങ്ങൾ തിരിച്ചുവരുന്നതുവരെ ഒരു കാവൽമാലാഖയെ പോലെ അവൾ വീട്ടിനുചുറ്റും കറങ്ങി നടക്കും. അങ്ങനെ ചക്കിപൂച്ച വീട്ടിലെ ഒരംഗത്തെ പോലെ ആയിമാറി.

# മലിനീകരണം



ഇന്ന് നമ്മുടെ നാട് നേരിടുന്ന ഒരു വലിയ ദുരന്തമാണ് മലിനീകരണം. നമ്മുടെ നാടിന്റെ മലിനീകരണത്തിന് കാരണം പ്ലാസ്റ്റിക്സ് ആണ്. പ്ലാസ്റ്റിക്കിനെ നമ്മൾ തന്നെ മണ്ണിലേക്ക് വലിച്ചെറിയുന്നു. അത് അവിടെ കിടന്ന് മലിനീകരണത്തിന് കാരണമാകുന്നു. പ്ലാസ്റ്റിക്കിനെ കത്തിച്ചാലും അത് പ്രകൃതിയേയും മനുഷ്യനെയും മണ്ണിനെയും സകല ചരാചരങ്ങളെയും ബാധിക്കുന്നു. അതിനാൽ നമ്മൾ എല്ലാവരും "കേരള സർക്കാരിന്റെ ഹരിതകേരളം മിഷനിൽ" പങ്കുചേർന്ന് മലിനീകരണത്തെ തടയാം.

പ്ലാസ്റ്റിക് കാരിബാഗുകൾ, കുപ്പികൾ, പാത്രങ്ങൾ തുടങ്ങിയ സാധനങ്ങൾ ഉപേക്ഷിച്ച് സ്റ്റീൽ കുപ്പി, തുണികൊണ്ടുള്ള കാരിബാഗുകൾ, സ്റ്റീൽ പാത്രങ്ങൾ ഉപയോയിക്കുക. പ്ലാസ്റ്റിക്സാധനങ്ങൾ കഴുകി ഉണക്കി ഒരു ചാക്കിൽ വച്ച് കൊണ്ട് കളയുക. അത് നിങ്ങൾക്കും വരും തലമുറയ്ക്കും ഗുണം ചെയ്യുകയും മലിനീകരണത്തിൽ നിന്ന് മോചിതരാവുകയും ചെയ്യാം.

പ്രവീണ. ആർ
5A

# എന്റെ കേരളം

കേരളം കേരളം കേരളം
എത്രസുന്ദരം എന്റെ കൊച്ചുകേരളം
മഴവെറിഞ്ഞു നേടിയതാണെന്റെ കേരളം
പുഴകളാൽ സമർത്ഥമായ കോച്ചു കേരളം
ഭാരതാംബപെറ്റ കൊച്ചു പുത്രിയാണിവൾ
പാരിടത്തിലെങ്ങുമേ പ്രസിദ്ധയാണിവൾ
സിന്ദരാംഗിയാമിവളെ സ്വന്തമാക്കുവാൻ
എന്നുമെങ്ങുമാരുമേ കൊതിച്ചുപോയില്ലും
കായലും കടലുമൊത്തു ചേന്നുകാത്തുകൊള്ളുമീ
കോവള സ്വരൂപിണീ നമിച്ചിടുന്നു നിന്നെഞാൻ
കേര വൃക്ഷജാലമോലയാട്ടി നിന്നിടും
തീരമേറെയുള്ള കൊച്ചു നാട്ടുകേരളം
കലകളുടെ കലവറയാണെന്റെ കേരളം
കുലപതികളേറെ വന്നുപോയ കേരളം
തുഞ്ചനും കുഞ്ചനും പിറന്നനാട്ടുകേരളം
പഞ്ചശീല മാചരിച്ചിടുന്ന നാടീകേരളം
കഥകളിയും തുള്ളലും പിറന്ന നാട്ടു കേരളം
കവികളാൽ പ്രസിദ്ധിയായ കൊച്ചുനാട്ടു കേരളം

ഹൃദ്യ.൮



# ഒന്നാം സ്വാതന്ത്ര്യ ചരിത്രം 1857 മുതൽ 1947 വരെ

1\ഒന്നാം സ്വാതന്ത്രസമരംഎന്ന് വിശേഷിപ്പിക്കുന്നത് ഏത് ലഹള ആണ്?

ശിപായി ലഹള

2 വിപ്ളവത്തിലെ ആദ്യരക്ത സാക്ഷി?

മംഗൽപാണ്ടെ

3 ഒന്നാം സ്വാതന്ത്രസമരം നടക്കുമ്പോൾ ഇന്ത്യയുടെവൈസ്രോയി ആര്?

ക്യാനിംഗ്പ്രഭു

4 ഒന്നാം സ്വാതന്ത്രസമരം പൂർണ്ണമായും അടിച്ചമർത്തിയ വർഷം?

1858

5 ഡിസംബറിൽ ബോംബെയിൽ രൂപംകോണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാപിച്ചതാര്?

എ.ഒ.ഹ്യൂം

6 ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒന്നാം സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ എത്രപേർ?

72

7 ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ ആദ്യപ്രസിഡന്റെ ആര്?

ഡബ്ള്യു.സി.ബാനർജി

8 ആദ്യത്തെ കോൺഗ്രസ്സ് സമ്മേളനത്തിൽ ആദ്യപ്രമേയം അവതരിപ്പിച്ചത് ആര്?

ജി.സുബ്രമണ്യൻഅയ്യർ

9 കോൺഗ്രസ്സ് എന്ന പേര് സംഘടനക്ക് നിർദ്ദേശിച്ചത് ആര്?

ദാദാഭായി നവറോജി

10 കോൺഗ്രസ്സിന്റെ ആദ്യത്തെ മുസ്ലീം പ്രസിഡന്റെ?

ബദറുദ്ദീൻത്യായബ്ജി

11 വിദേശിയായ ആദ്യ കോൺഗ്രസ്സ് പ്രസിഡന്റെ?

ജോർജ്ജ് യൂൾ

12 ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ ആദ്യത്തെ മലയാളി പ്രസിഡന്റെ?

സി.ശങ്കരൻനായർ

13 ബംഗാൾവിഭജനസമയത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡന്റെ ?

ഗോപാലകൃഷ്ണഗോഖലെ

14 ജാലിയൻവാല ബാഗ് കൂട്ടകോലസമയത്തെ പ്രസഡന്റ് ആര്?

മോത്തിലാൽ നെഹ്റു

15 ഇന്ത്യൻ നാഷണൽകോഗ്രസ്സിന്റെ ആദ്യത്തെ വനിതാപ്രസിഡണ്ട്?

സരോജിനിനായിഡു

16 ഇന്ത്യക്ക് സ്വാതന്ത്രം ലഭിച്ചപ്പോഴത്തെ കോൺഗ്രസ്സ് പ്രസിഡണ്ട്?

ജെ.ബി.കൃപലാനി

17 ഇന്ത്യൻനാഷണൽ കേൺഗ്രസ്സിൽ ഏറ്റവും ക്കൂടുതൽതവണപ്രസിഡണ്ട് ആയ വ്യക്തി?

ജവഹർലാൽ നെഹ്റു

18 ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ഏറ്റവും ക്കൂടതൽ തവണ തുടർച്ചയായി പ്രസിഡന്റായ വ്യക്തി?

മൗലാനാഅബ്ദുൾകലാംആസാദ്

19 തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡണ്ട്?

സുബാഷ് ചന്ദ്രബോസ്

20 പാകിസ്ഥാൻ എന്നആശയം മുന്നോട്ട് വച്ചത് ആര്?

മുഹമ്മദ് ഇക്ബാൽ

21 കോൺഗ്രസ്സ് മിതവാദികൾ -തീവ്രവാദികൾ എന്നും രണ്ടായി പിരിഞ്ഞത് ഏത് സമ്മേളനം ആണ്?

സൂററ്റ് സമ്മേളനം

***<u>ഗാന്ധിയൻ കാലഘട്ടം</u>***

22 ഇംഗ്ളണ്ടിൽ നിയമപഠനം നടത്തി ബാരിസ്റ്റർ അറ്റ്-ലാ ബിരുദം നേടി ഗാന്ധിജി ഇന്ത്യയിലേക്ക് തിരിച്ച് വന്നത് എപ്പോൾ?

1891

23 ഗാന്ധിജി സഹനസമരത്തിനുള്ള ആയുധമായി സത്യാഗ്രഹം എന്ന ആശയത്തിന് രൂപം നൽകിയത് എവിടെ നടന്ന സമരത്തെ അടിസ്ഥാനമാക്കിയാണ്?

ദക്ഷിണാഫ്രിക്ക

24 ഗാന്ധിജി അഹമ്മദാബാദിലുള്ള സബർമതി ആശ്രമം സ്ഥിപിച്ചതെപ്പോൾ?

1916

25 ജാലിയൻവാല ബാഗ് ക്കൂട്ട കൊലയിൽ പ്രതിഷേധിച്ച് വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ നിന്നും രാജിവെച്ച മലയാളി?

സർ.സി.ശങ്കരൻനായർ

16 ഏത് ബ്രിട്ടീഷ് രാജകുമാരന്റെ ഇന്ത്യൻ സന്ദർശനമാണ്

കോൺഗ്രസ്സ്ബഹിഷ്കരിച്ചത്?

വെയിൽസ്സ് രാജകുമാരൻ

17 സൈമൺകമ്മീഷൻ ഇന്ത്യയിലെത്തിയ വർഷം?

1928 ഫെബ്രുവരി 3

18 ലാഹോർ കോൺഗ്രസ്സസമ്മേളനം പൂർണ്ണസ്വരാജ് അതിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചത് ആരുടെ നേതൃത്ത്വത്തിൽആണ്?

ജവഹർലാൽ നെഹ്റു

19 രാജ്യദ്രോഹിയായ അർദ്ധനഗ്നനായ ഫക്കീർ എന്ന് ഗാന്ധിജിയെവിശേഷിപ്പിച്ചത് ആര്?

വിൻസ്റ്റൺ ചർച്ചിൽ

20 ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയപാർട്ടി രൂപീകരിച്ചത് ആര്?

സുബാഷ് ചന്ദ്രബോസ്

21 1940 വൈസ്രോയി ലിൻ ലിത് ഗോ പുറത്തിറക്കിയ പ്രസ്താവനയാണ്

ആഗസ്റ്റ്ഓഫർ

22, 1940 നടന്ന വ്യക്തിസത്യാഗ്രഹത്തിൽ ,സത്യാഗ്രഹം അനിഷ്ഠിക്കാൻ ഒന്നാമതായി ഗാന്ധജി നിർദ്ദേശിച്ചത് ആരെ?

വിനോബഭാവെ

23 ക്രിപ്സ്മിഷൻ ഇന്ത്യയിൽ വന്നു ചേർന്ന വർഷം?

1942 മാർച്ച്

24 ക്വിറ്റ് ഇന്ത്യാ പ്രമേയം,ക്രിപ്സ് മിഷന്റെ പരാജയത്തെ തുടർന്ന് കോൺഗ്രസ്സ് പാസാക്കിയത് എന്നാണ്?

1942 ആഗസ്റ്റ് 8

25"എനിക്കിസ്വാതന്ത്ര്യം ഉടനെ വേണം,ഈ രാത്രിയിൽതന്നെ"എന്ന്പ്രസ്താവിച്ചത് ആര്?

ഗാന്ധിജി

26 ക്വിറ്റ് ഇന്ത്യാ പ്രഖ്യാപനത്തോടനുബന്ധിച്ച് ഗാന്ധിജി ഉയർത്തിയ മുദ്രാവാക്യം?

"പ്രവർത്തിക്കുക,അല്ലങ്കിൽ മരിക്കുക"

27“ഹിന്ദുസ്ഥാൻ വിഭജിക്കുക തന്നെ വേണം"എന്ന മുദ്രാവാക്യം ഉയർത്തിയത്ആര്?

മുസ്ലീംലീഗ്

28 ആസാദ് ഹിന്ദിഫൗജ് സ്ഥാപിച്ചത് ആര്?

സുബാഷ് ചന്ദ്രബോസ്

29 ക്യാബിനറ്റ്ദൗത്യംഇന്ത്യയിൽ വന്നത് എന്ന്?

1946

30 ഇന്ത്യൻ ഹസ്തങ്ങളിലേയ്ക്ക് അധികാരം കൈമാറുന്നതിന്റെ വിശദാംശങ്ങൾക്ക് രൂപം നൽകുന്നതിന് വേണ്ടിഇന്ത്യ സന്ദർശിച്ച ദൗത്യസംഘം?

ക്യാബിനറ്റ്മിഷൻ

31 ക്യാബിനറ്റ് മിഷനിലെ അംഗങ്ങൾ?

സ്റ്റാഫോർഡ് ക്രിപ്സ്,എ.വി.അലക്സാണ്ടർ,പെതിക് ലോറൻസ്

32 മുസ്ലീം ലീഗ് രാജ്യമെമ്പാടുമുള്ള മുസ്ലീങ്ങളെ പാകിസ്ഥാൻ എന്ന ലക്ഷ്യം നേടുന്നതിനായി പ്രത്യക്ഷദിന പരിപാടി ദിനം ആചരിക്കാൻ ആഹ്വാനം ചെയ്തത് ഏത് ദിവസംആണ്?

ആഗസ്റ്റ്16

33 ജവഹർവാൽ നെഹ്രുവിന്റെ നേതൃത്ത്വത്തിലുള്ള ഇടക്കാല ഗവൺമെന്റ് രൂപീകരിച്ച വർഷം?

1946

34 ഇന്ത്യ ഹിന്ദു ഭൂരിപക്ഷം ഉള്ള ഒന്നും മുസ്ലീം ഭൂരിപക്ഷമുള്ള മറ്റൊന്നും എന്ന് രണ്ട് രാഷ്ട്രങ്ങളായി വിഭജിക്കപ്പെടുക എന്ന പദ്ധതി ആരുടേതാണ്   മൗണ്ട് ബാറ്റൺ

35 ബ്രിട്ടീഷ് പാർളമെന്റിൽ ഇന്ത്യൻ സ്വാതന്ത്ര്യ നിയമം പാസ്സാക്കിയത് എന്ന്?
1947 ജൂലൈ18

36 ഗാന്ധിജി കൊല്ലപ്പെട്ട ദിവസം?

1948 ജനുവരി30


37 ഗാന്ധിജിയുടെ ഘാതകൻ ആര്? നാഥുറാം വിനായക് ഗോഡ്സെ

**<u>ഇന്ത്യ സ്വാതന്ത്യത്തിലേയ്ക്ക്</u>**

1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രവാവുകയും ഇന്ത്യയെന്നും പാകിസ്ഥാനെന്നുമുള്ള രണ്ട് സ്വതന്ത്യ ഡൊമിനിയനുകൾ നിലവിൽ വരുകയും ചെയ്തു.ജിന്ന ഗവർണ്ണർ ജനറലായും ലിയാഖത്ത് അലിഖാൻ പ്രധാനമന്ത്രിയായുമുള്ള പാകിസ്ഥാൻ ,മൗണ്ട്ബാറ്റൺപ്രഭു ആഗസ്റ്റ് 14 ന് ഔപചാരികമായി ഉത്ഘാടനംചെയ്തു.

ശ്രീവിദ്യ.എസ്സ്

**അപ്പർപ്രൈമറി ടീച്ചർ**






*AMANRAJ*

# എന്റെ അമ്മ



എന്തു നല്ലൊരമ്മ
എന്റെ സ്വന്തം അമ്മ
സ്നേഹമുള്ളൊരമ്മ
കാലത്തുണരുമെന്നമ്മ
ദൈവത്തെ നമിക്കുമെന്നമ്മ
അന്നത്തെ ദിവസം ഭംഗിയാക്കാൻ
ദൈവത്തോടരുന്മുമെന്നമ്മ
മുറ്റമടിച്ചു വാരിയമ്മ
ശരീരസുദ്ധി വരുത്തിയമ്മ
ആദിത്യ ഭഗവാനെ വണങ്ങിയമ്മ
നിലവിളക്കൊന്നുകൊളുത്തിവച്ചു
നാമം ജപിച്ചിട്ടുമെന്നമ്മ
അന്നം പാകം ചെയ്തിടുവാൻ
ഓടി നടന്നിടുമെന്റെയമ്മ
അന്നവും സ്നേഹവും ഒരുമിച്ച്
വാരിതന്നിടുമെന്റെയമ്മ
തെറ്റു കുറ്റങ്ങളുണ്ടെങ്കിൽ
പറഞ്ഞു മനസ്സിലാക്കിടുമെന്നമ്മ
സ്ക്രൂളിൽ പോകും നേരത്ത്
സ്നേഹത്തോടെ മുത്തം നല്കി
യാത്രയാക്കുമെന്നമ്മ
ഞാൻ തിരിച്ചു വരുന്നതും
നോക്കി വാതിലിൽ കാത്തുനിൽക്കുമമ്മ
സന്ധ്യയ്ക്ക് ദീപം കൊളുത്തി
പ്രാർത്ഥിച്ചീടുമെന്റെ അമ്മ
പാഠഭാഗങ്ങൾ ഹൃദിസ്ഥമാക്കാൻ
സഹായിക്കുമെന്റെയമ്മ
സ്നേഹത്തോടെ അത്താഴമൂട്ടുമമ്മ
താരാട്ട് പാടി ഉറക്കുമമ്മ
പറഞ്ഞാലും പറഞ്ഞാലും
തീരുന്നില്ലെന്റെ
അമ്മയുടെ മഹത്വങ്ങൾ
അത്രയ്ക്ക് സ്നേഹനിധി-
യാണെന്റെയമ്മ
അമ്മയെ മറക്കില്ലഞാൻ
ജീവനുള്ള കാലം .

# കാട്ടിലെ കാഴ്ചകൾ

**പ**ണ്ട് പണ്ട് ഒരു വലിയ കാട്ടിൽ ആന,പുലി,സിംഹം,എന്നീ മൃഗങ്ങളുണ്ടായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. അവർ വളരെയധികം സന്തോഷത്തോടെ ജീവിച്ചു വരുകയായിരുന്നു. അങ്ങനെ രണ്ട് മനുഷ്യക്കുട്ടികളെ കണ്ടുമുട്ടി. അവർ അവിടെ അറിയാതെ വന്നു പെട്ടതായിരുന്നു. അവർക്കിനി ഒരുക്കലും തിരിച്ച് പോകാൻ കഴിയത്തില്ലെന്ന് മനസ്സിലായപ്പോൾ അവർ മൃഗങ്ങളോട് കൂട്ടുകൂടാൻ തീരുമാനിച്ചു.

ഒരിക്കൽ അനു ഒരു മാനും അതിന്റെ കുഞ്ഞും കാട്ട് തീയിൽ പെട്ടു കിടക്കുന്നത് കണ്ടു. അനു എത്രയും പെട്ടന്ന് അനാമികയെ വിളിച്ചു. അനാമിക അവിടെ കളപറിക്കുകയായിരുന്നു. അനു വിളിക്കുന്നത് കേട്ട് അനാമിക ഞെട്ടിപ്പോയി. അനു അനാമികയോട് വിവരം പറഞ്ഞു. അനാമിക മറ്റു മൃഗങ്ങളെയും വിളിച്ചു കൂട്ടി.




അവർ ഒത്തൊരുമിച്ച് ആ കാട്ടുതീ അണച്ചു. അവർ ആഹ്ലാദത്തോടെ തുള്ളിച്ചാടി. ഇങ്ങനെ എത്ര ദുരന്തങ്ങൾ വന്നു കൂടി അവർ ഒത്തൊരുമിച്ച് നിന്നതുകൊണ്ട് അതിനെ തരണം ചെയ്യുവാൻ സാധിച്ചു. അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു എത്ര മനോ ഹരമായ കൂട്ടുകുടുംബം

ഹരിപ്രിയ.എസ്
6A

# എന്റെ മലയാളം

മലയാളിയാണുഞാൻ മലയാളിയാണുഞാൻ
മലയാളമാണെന്റെ മാതൃഭാഷ
അഭിമാനം കൊള്ളുന്നുഞാനിതിലെപ്പോഴും
അതിരില്ലാതുള്ളൊരു സ്നേഹവായ്പാൽ
തുഞ്ചനും കുഞ്ചനും ഉണ്ണായിവാര്യരും
തഞ്ചത്തിൽ പാടിപുകഴ്ത്തും ഭാഷ
ആശയഗംഭീരനായുള്ളൊരാശാന്റെ-
ദേശമാണീകൊച്ചു മാതൃഭൂമി
ഉള്ളതുപോലെ പറയുന്നൊരുള്ളൂരും
വള്ളത്തോളും പിറന്നനാട്
കാഥികസാമ്രാട്ടും സാംബശിവൻ
കഥയേറെ പറഞ്ഞതാണെന്റെ ഭാഷ
യുന്ദരിയാമെന്റെ ഭാഷ മലയാളം
എന്നു മഭിമാനമാണെനിക്ക്

**ഹൃദ്യ.9C**



# പൊതുവിജ്ഞാനം

## ചോദ്യം

1.ആദ്യത്തെ നേർധാര വൈദ്യുത സ്രോതസ്സ് ?
2.ലോകത്തിലെ ഏറ്റവും വലിയ കാഴ്ച്ച ബംഗ്ലാവ് ?
3.ഏതു രാജ്യത്തിന്റെ നാണയമാണ് ക്വാച്ച ?
4.കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖല സ്ഥാപനം ?
5.ദ്വിബന്ധനമുള്ള തൻമാത്രയ്ക്ക് ഉദാഹണം ?

## ഉത്തരം

1.ഡ്രൈസൽ
2.നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം
3.മലാവി
4. F.A.C.T
5.എഥിലിൻ

പ്രവീണ .ആർ

# കുസൃതിചോദ്യങ്ങൾ

1.ആർക്കും വാക്കുപാലിക്കാൻ പറ്റാത്ത ദിവസം?

2.വെള്ളത്തിൽ കിടക്കുന്ന മീനിനെ പിടിച്ച് കരയിലിട്ടാൽ എന്തുപറ്റ?

3.വാസ് കോഡ്ഗാമ കേരളത്തിലെ മണ്ണിൽ കാലുകുത്തിയത് എന്തുകോണ്ട്?

4.മീൻപിടിത്തക്കാർക്ക് ഏത് കരയോടാണ് ഏറ്റവും കൂടുതൽ ഇഷ്ടം?

5.വലിക്കുംതോറും ചെറുതാകുന്ന വസ്തു?

6.പറക്കാത്ത കാക്ക?

7.എല്ലാദിവസവും മുട്ടവെട്ടുന്നതാരാണ്?

8.ഭക്ഷണംകഴിക്കാൻ കഴിയാത്ത പാത്രം?

9.ഞാൻ ഒരു ആനയെ കഴിച്ചു. ഏതാണ് 'ആ' ആന?

10.തലയിൽ കാലുള്ള ജീവി?

11.അമേരിക്ക എന്ന വാക്ക് എങ്ങനെ ലോപിച്ചുണ്ടായതാണ്?

12.പാപ്പാന്മാർ ഇല്ലാത്ത ആന?

13.എപ്പോഴും ഓടിക്കൊണ്ടിരിക്കുന്ന ജീവനുള്ള വസ്തു?

14.ആർക്കും ഉയരത്തിലെത്താവുന്ന ജോലി?

15.രഘുതെങ്ങിൽ കയറി ഇത് ഭൂതകാലം. തെങ്ങിൽ നിന്നും താഴെ വീണു. ഇത് ഏത് കാലം?

16.വേരുകളും ഇലകളും ഇല്ലാത്ത മരം?

17.ലൈസൻസ് വേണ്ടാത്ത ഡ്രൈവർ?

18.റേഷൻകടയിൽ കിട്ടാത്ത റേഷൻ?

ഉത്തരങ്ങൾ

1.ഫെബ്രുവരി 30
2.മണ്ണ് പറ്റും
15.കഷ്ടകാലം
3.ഷൂസുകൊണ്ട്
4.ചാകര
5.സിഗററ്റ്
6.ഇക്കാക്ക
16.കൊടിമരം
7.ബാബർ
8.കഥാപാത്രം
13.ക്ലോക്ക്
14.മരം കേറൽ
9.ബനാന
10.പേൻ
17.സ്ക്രൂഡ്രൈവർ
11.അമ്മേ ഇരിക്കു
12.കുഴിയാന
18.ഓപ്പറേഷൻ



## പൂമ്പാറ്റ

ഓ,എന്റെ പൂമ്പാറ്റേ
സുന്ദരിയായ പൂമ്പാറ്റേ
ചിത്രം തുന്നിയ ചിറകുവിടർത്തി
പറന്നു വാ നീ പൂമ്പാറ്റേ,
എന്നരികേ നീ വന്നീടിൽ
ഒത്തു കളിക്കാം പൂമ്പാറ്റേ!

അശ്വതി.എം.ജെ
6A



# സുന്ദരിതത്തമ

ഹാ!എന്ത്ഭംഗി തത്തമ്മേ
എന്തൊരു അഴക് തത്തമ്മേ
പച്ചനിറമുള്ള തത്തമ്മേ
ചുണ്ട് ചുവപ്പാണ് തത്തമ്മ
പാറിനടക്കും തത്തമ്മ
തെങ്ങിലിരിക്കും തത്തമ്മ
ഹാ!എന്ത് ഭംഗി തത്തമ്മേ
എന്തോരു അഴക് തത്തമ്മേ
സുന്ദരിയായ തത്തമ്മ

അന്ന.എ.എസ്
6A

## ഓർമ്മകൾ

ഓർമകൾ പലതുണ്ടെങ്കിൽ പാരിതിൽ
മാനവർക്കൊന്നും പ്രിയം കലാലയഓർമകൾ
വിടരുന്ന ചെമ്പനീർ മൊട്ടുപോലുള്ളിൽ
തെളിയുന്നയിന്നു പ്രസരിപ്പോടെ

ഓർമതൻ പടവുകൾ ഓടിക്കയറി
ഇഷ്ടങ്ങളോടി കളിക്കും കലാലയം
അമ്മയായ് അച്ഛനായ് ഗുരുവായ്
ദൈവമായ് അക്ഷരം ഉള്ളിൾ തെളിഞ്ഞകാലം

ആദ്യക്ഷരമമ്മ അമ്മിഞ്ഞപോലെ
നാവിൽ കുറിച്ചോരാ പോയകാലം
ഇഷ്ടങ്ങൾ ചൊല്ലിയും കണ്ണുകലങ്ങിയും
ഓടിയെത്തുന്നൊരെൻ കലാലയം

ഓർമ്മകൾ പലതുണ്ടെങ്കിലും പാരിൽ
കാലാലയസ്മരണകൾ മാനവർക്കെന്നും പ്രിയം

നന്ദന.എസ്
10C

## പഴഞ്ചൊല്ലുകൾ

1.അണ്ണാൻ മൂത്താലും മരം കോറ്റം നിർത്തുമോ.
2.അമ്മയ്ക്ക് പ്രാണവേദന മകൾക്ക് വീണവായന.
3.അൽപ്പന് ഐശ്വര്യമുണ്ടായാൽ അർദ്ധ രാത്രി കുടപിടിക്കും.
4.പാലുകൊടുത്ത കൈയ്ക്ക് കൊത്തിയ പാമ്പ്.
5.നായ നടുക്കടലിൽ ചെന്നാലും നക്കിയേ കുടിക്കു.
6.ആനയ്ക്ക് തടിഭാരം, ഉറുമ്പിന് അരി ഭാരം.
7.തോക്കിനകത്ത് കയറി വെടി വയ്ക്കരുത്.
8.ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും ഇലയ്ക്കു തന്നെ കേട്.
9.ഉണ്ടവനറിയില്ല, ഉണ്ണാത്തവന്റെ വിശപ്പ്.
10.കൈ നനയാതെ മീൻ പിടിക്കാൻ പറ്റുമോ

# മഴ

മണ്ണിൻ മനസ്സിൽ കുളിർമ്മയേകാനായ്
പൊഴിയുന്നിതാ മഴ... പൊഴിയുന്നിതാ...
ജീവനനുഭൂതനോൻമേഷമെകാനായ്
പൊഴിയുന്നിതാ വീണ്ടും പൊഴിയുന്നിതാ...
അഭൗമസൗന്ദര്യമായ് സ്വപ്നലാവണ്യമായ്
മൗനിന്റെയുള്ളിൽ പൊഴിയുന്നിതാ...
ജീവന്റെ താളമായ് ആത്മാനുഭൂതിയായ്
മനസ്സിന്റെയുള്ളിൽ പൊഴിയുന്നിതാ...
ആത്മസങ്കർഷങ്ങളിൽ നിന്നും...
മുക്തിനേടാനായ് മഴപൊഴിയുന്നു...



മണ്ണിനോടുള്ള സേനേഹമായ്...
ആകാശനീവിമപൊഴിക്കുന്നതീമഴ...
സഫലമാകാത്തൊരാമോഹങ്ങളിൽ
കൂടി മൂകസഞ്ചാരം നടത്തുന്നിതാമഴ...
മനസ്സിനു പുതുജീവനേകുന്നിതാമഴ...
മണ്ണിലും മനസ്സിലും പെയ്യുന്നകുളിർമഴ...
ആത്മാവിലഗ്നിയായ് മനസിൽ കുളിർമയായ്
മണ്ണലും മനസ്സിലും പെയ്യുന്നിതാ മഴ...
ജീവനു പുതുമയായ് പൊഴിയുന്നു ജീവനിൽ
ആർത്തിരമ്പി പൊഴിയുന്നിതാ മഴ...
സമുദ്രമായ് തീർന്നൊരാദുഃഖങ്ങളെ-
പോലും നീരാവിപോലെ മായ്ക്കുന്നിതാ മഴ...
ഹൃദയത്തിൻ താളങ്ങളീണങ്ങളാക്കി...
പുതിയപാട്ടിനുജീവനേകുന്നിതാ മഴ..

പൊഴിയുന്നിതാമഴ പൊഴിയുന്നിതാ
ആർത്തിരമ്പി പൊടിപടർത്തി
പീക്കളെ ചിരിപ്പിച്ച് മനസിൻഅടിത്തട്ടിൽ

പെയ്യുന്നിതാ മാഴ...
ഇടിമുഴക്കത്തിന്റെ ഗാംഭീര്യമോടെ
മിന്നലിൽ വെളിച്ചം വഴികാട്ടിയാക്കി...
കറുത്ത കാർമേഘത്തിൽ
ഇരിപ്പിടത്തിനുള്ളകലപിലയിൽനിന്നും
ഇടി മുഴക്കുന്നു... മിന്നൽവരുന്നു...
തകരുന്ന സ്നേഹത്തിൻ കോപാഗ്നിയിൽ
നിന്നും ഭൂമിക്കുവെണ്ടി പെയ്യുന്നിതാമഴ...
ഭൂമിക്കുവെണ്ടി പെയ്യുന്നിതാമഴ...
പെയ്യുന്നിതാ മഴ പെയ്യുന്നിതാ...

Nandana.S.10C



# NATIONAL SERVICE SCHEME









ജീവിതശൈലി രോഗ നിർണയ ക്യാമ്പ്
YMA HALL KUNDARA

# SCOUT AND GUIDE









# NATIONAL CADET CORPS (NCC)











7 (K) BN NCC KOLLAM
SWACHCHATHA HI SEWA











# EDITORIAL BOARD

CHIEF EDITOR - JOSE JOHN (HEAD MASTER)

SUB EDITOR - HARIN S K (KITE MASTER)

SCHOOL EDITOR - ANSTUN TITUS


KITE MISTRESS - SREEVIDYA.S

COVER PAGE - HARI SANKAR

EDITOR – AJITH.S.S



AMANRAJ 9A





# LITTLE KITES MEMBERS




little
KITEs

# THANKS